(എ) ഈ ആണ്ടിൽ സംസ്ഥാനത്തുള്ള എത്ര കാർഷിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സഹകരണസംഘങ്ങളുടെ പ്രവർത്തനംകൊണ്ട് കൃഷിക്കാർക്ക് എന്തെല്ലാം സൗകര്യങ്ങൾ ഉടനെ പ്രതീക്ഷിക്കാം;

(സി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഗവണ്മെന്റിൽ നിന്ന് ഈ വർഷത്തിൽ എത്ര തുക വിനിയോഗിക്കുന്നുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഈ ആണ്ടിൽ സംസ്ഥാനത്ത് ഏഴ് കാർഷിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1. മെംബറന്മാരുടെ കൃഷിസ്ഥലങ്ങൾ ഒന്നിച്ചുചേർത്ത് കൂട്ടുകൃഷിസമ്പ്രദായത്തിൽ കൃഷിചെയ്യുക.

2. ഭൂമി പാട്ടത്തിനോ, വിലയ്ക്കോ വാങ്ങി കൃഷിനടത്തുക.

3. ശാസ്ത്രീയമായ രീതിയിൽ കൃഷിനടത്തുക.

4. കൃഷിക്കാർക്ക് ആവശ്യമുള്ള വിത്ത്, വളം, മറ്റു കാർഷികോപകരണങ്ങൾ ഇവ മൊത്തമായി വാങ്ങി അംഗങ്ങൾക്കു വിതരണം ചെയ്യുക.

5. അംഗങ്ങളുടെ ഉൽപ്പന്നങ്ങൾ സംഘം ശേഖരിച്ച് വില്പന നടത്തുകയും, ഉൽപ്പന്നങ്ങളുടെ ഉറപ്പിന്മേലും മറ്റും അംഗങ്ങൾക്ക് കൃഷിയാവശ്യത്തിലേയ്ക്ക് കടം കൊടുക്കുകയും ചെയ്യുക. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനംകൊണ്ട് കർഷകർക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ഉടനെ പ്രതീക്ഷിക്കാം. കൂടാതെ സംഘത്തെ ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ സംഘത്തിനു 100 രൂപ പ്രതിമാസശമ്പളത്തിൽ ഒരു സെക്രട്ടറിയുടെ സേവനവും ആണ്ടേയ്ക്ക് 2000 രൂപ ഗ്രാൻറും ലഭിക്കുന്നതുമാണ്.

(സി) 1955-56-ൽ ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫാർമിംഗ് സംഘങ്ങളുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനായി അനുപതിനായിരത്തിമുന്നൂറു രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

മരച്ചീനി സഹകരണസംഘങ്ങൾ.

* 495. [30] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ആഗസ്റ്റ് 31-ാംതീയതി വരെ എത്ര മരച്ചീനി കർഷകസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ ഓരോന്നിലും എത്രവീതം രജിസ്റ്റർ ആക്കപ്പെട്ടിട്ടുണ്ട്;

(സി) മരച്ചീനി കർഷകസഹകരണസംഘങ്ങൾക്കുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഗവണ്മെൻറിലേയ്ക്ക് ലഭിച്ചിട്ടുണ്ട്;

(ഡി) ഒരു സ്ഥലത്തുനിന്നു ഒന്നിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരം നൽകുന്ന സംഘമേതായിരിക്കണമെന്നു നിശ്ചയിക്കുന്നതിൽ അവലംബിക്കുന്ന തത്വമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) പരിയാരം, 194 മറ്റിനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു. നിലവിലുള്ള 3 സംഘങ്ങൾ കൂടി പുതിയ സംഘങ്ങളായി പരിവർത്തനം ചെയ്തുകൊണ്ടാണ് 197 മറ്റിനിസഹകരണസംഘങ്ങളുണ്ട്.

(ബി) മേയ് മാസത്തിൽ 2, ജൂണിൽ 173, ജൂലായിൽ 17, ആഗസ്റ്റിൽ 2, പുതിയ കണക്കിനു സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു. സെപ്റ്റംബർ മാസത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) 195 അപേക്ഷകൾ ലഭിച്ചിരുന്നു.

(ഡി) ചട്ടപ്രകാരം സ്വീകാര്യമായ അപേക്ഷകൾ ഒരു കേന്ദ്രത്തിൽ നിന്നും തന്നിലധികം ലഭിച്ചിട്ടില്ല.

Primary Health Centres

* 496 [31] SHRI PRAKKULAM BHASI : Will the Minister for Medicine be pleased to state.

(a) do the Government propose to open new Primary Health Centres during the year, if so how many; and

(b) have the proposed centres been selected, if so, which are the centres selected?

Minister for Health (SHRI A. A. Rahim):

(a) Yes, Two

(b) The Centres have not been finally selected.

ഔഷധനിർമ്മാണവും കടിഞ്ഞാർപ്പും പദ്ധതികൾ.

* 497. [32] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധനിർമ്മാണവും കടിഞ്ഞാർപ്പും പദ്ധതി അനുസരിച്ച് 1955 ആഗസ്ത് വരെ എത്ര ഔഷധങ്ങൾ നിർമ്മിച്ചു;

(ബി) ഏതൊക്കെ കടയിൽ ഉണ്ടാക്കിക്കൊടുത്തു;

(സി) സഹകരണസംഘങ്ങൾ മുഖാന്തിരം വേറെ ഔഷധനിർമ്മാണപദ്ധതി നടത്തുന്നതിന് എന്തെങ്കിലും നിർദ്ദേശമുണ്ടോ?

താഴെ ആരോഗ്യവകുപ്പ് മന്ത്രി : (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഔഷധനിർമ്മാണപദ്ധതി അനുസരിച്ച് 702 കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. പട്ടിക † മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) 449 കേന്ദ്രങ്ങളിലേക്ക് താഴെ പറയുന്ന സ്ഥലങ്ങളിൽ കടകൾ ഉണ്ടാക്കിക്കൊടുത്തു.

കണ്ണാടി	....	....	160
തൊടുപുഴ	...	...	175
ചേർത്തല	....	....	100

† Please See Appendix III.

LIBRARY ARCHIVES Kerala Legislative Assembly